**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

---

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/08/2026

1) കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഹോസ്പിറ്റൽ കാട്ടാക്കടയുടെയും നേതൃത്വത്തിൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ കുളമ്പുരോഗപ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കിയ എല്ലാ കന്നുകാലികൾക്കുള്ള സ്പെഷ്യൽ ഓണകിറ്റുകളുടെ വിതരണോത്ഘാടനം ആഗസ്റ്റ് 24ന് രാവിലെ 10 മണിയ്ക്ക് കാട്ടാക്കട മൃഗാശുപത്രിയിൽ വെച്ച് കാട്ടാക്കട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുനിത. വി.ജെ. നിർവ്വഹിക്കും. 5 കിലോ കാലിതീറ്റ, കാൽസ്യം ടോണിക്ക്, ധാതുലവണ മിശ്രിതം, ലിവർ ടോണിക്ക്, വൈറ്റമിനുകൾ, പശുക്കൾക്കുള്ള വിരമരുന്ന്, കന്നുക്കുട്ടികൾക്കുള്ള വിരമരുന്നുകൾ, അകിടുരോഗ നിയന്ത്രണ മരുന്നുകൾ, പ്രസവ രക്ഷാ മരുന്നുകൾ, ബാഹ്യ പരാദ മരുന്നുകൾ എന്നീ ഇനങ്ങളടങ്ങിയ

കിറ്റുകളാണ് വിതരണം ചെയ്യുന്നത് . എട്ടാം ഘട്ട കുളമ്പു രോഗ പ്രതിരോധ കുത്തിവെയ്പ്പിന്റെ ഭാഗമായി കുത്തിവെയ്പ്പിനു വിധേയമാക്കിയ ഉരുക്കളുടെ ഉടമകൾ അതിന്റെ രേഖകളുമായി കാട്ടാക്കട വെറ്ററിനറി ഹോസ്പിറ്റലിൽ എത്തി അഗസ്റ്റ് 24, 25 തീയതികളിൽ സൗജന്യ ഓണകിറ്റുകൾ കൈപ്പറ്റേണ്ടതാണെന്ന് സീനിയർ വെറ്ററിനറി സർജൻ ഡോ. സജിത് കുമാർ.എസ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9447863474 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

2 കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കാർഷിക കോളേജിൽ 2026–2027 അധ്യയന വർഷത്തെ ഡി.ബി.ടി. സപ്പോർട്ടഡ് എം.എസ്.സി. മോളിക്യുലർ ബയോളജി ആൻഡ് ബയോടെക്നോളജി കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 21.08.2026–ന് രാവിലെ 11.00 മണിക്ക് വെള്ളാനിക്കര കേരള കാർഷിക സർവകലാശാല വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ വെച്ച് നടക്കുന്നു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയുൾപ്പെടെയുള്ള വിശദമായ വിവരങ്ങൾ സർവകലാശാലയുടെ അഡ്മിഷൻ വെബ് സൈറ്റായ

www.admissions.kau.in ൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 2438139 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3 കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ(കെപ്കോ) ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന കെപ്കോ ചിക്കൻ, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ വിൽപ്പന നടത്തുന്നതിന് ഏജൻസികൾ അനുവദിക്കുന്നതിന് വേണ്ടി നിലവിൽ 2 കിലോമീറ്റർ പരിധിയിൽ കെപ്കോ ചിക്കൻ ഏജൻസികൾ ഇല്ലാത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. താൽപ്പര്യമുള്ള വ്യക്തികൾ/ സ്ഥാപന ഉടമകൾ സ്വന്തം വിശദാംശങ്ങളും, ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം എന്നിവ വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് പേട്ട – തിരുവനന്തപുരം 695024 മേൽവിലാസത്തിലോ. kepcopoultry@gmail.com എന്ന ഇ–മെയിലിലോ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9809159559. എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4 കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള പ്ലാന്റ് ടിഷ്യു കൾച്ചർ

ടെക്നീഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് 1.04.2026 ൽ 35 വയസ്സിൽ താഴെ പ്രായമുള്ള അഗ്രികൾച്ചർ/ ബയോളജി/ ബോട്ടണി വിഷയങ്ങളോടെ പ്ലസ്ടു / വി.എച്ച്.എസ്.ഇ പാസ്സായിട്ടുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. നിലവിലുള്ള സർക്കാർ സംവരണ വ്യവസ്ഥകൾ ഈ കോഴ്സിനും ബാധകമാണ്.

ഈ സർട്ടിഫൈഡ് കോഴ്സിൽ തൊഴിൽ സാധ്യതയുള്ള, സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന ടിഷ്യൂകൾച്ചർ, നഴ്സറി മാനേജ്മെന്റ് എന്നിവയുടെ സാങ്കേതിക വിദ്യകളിൽ ഉള്ള പ്രായോഗിക പരിശീലനം നൽകുന്നു.

ഒരു ബാച്ചിൽ 20 പേർക്ക് മാത്രം പ്രവേശനം നൽകുന്ന ഈ കോഴ്സിന് ഫീസ് 4500/- രൂപ ആണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 1500/- രൂപ സ്റ്റൈഫന്റോട് കൂടി മൂന്ന് മാസത്തേക്ക് അപ്രെന്റിസ്ഷിപ്പ് ട്രെയിനിംഗും നൽകുന്നതാണ്. അപേക്ഷഫോമും പ്രോസ്പെക്ടസും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralaagriculture.gov.in ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 09/09/2026 വൈകിട്ട് 4.30 മണി തിരഞ്ഞെടുത്ത അപേക്ഷകരുടെ ലിസ്റ്റ് 15.09.2026 ന് പ്രസിദ്ധീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് 9383470292, 9383470296 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

5. കേരള മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രം, 2026 ആഗസ്റ്റ് 20,21 തിയ്യതികളിലെ ആട് വളർത്തൽ പരിശീലന ക്ലാസിലെക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു . കൂടുതൽ വിവരങ്ങൾക്ക് 9388464383 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

6. 2026-27 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള **മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതിയിൽ**

a) സംരക്ഷിത കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഫാൻ ആന്റ് പാഡ് സിസ്റ്റത്തിലുള്ള ഗ്രീൻ ഹൗസ് സ്ട്രക്ച്ചർ ച.മീറ്ററിന് 900 രൂപ നിരക്കിലും, നാച്ചുറലി വെന്റിലേറ്റഡ് ട്യൂബുലാർ/റെക്റ്റാംഗുലർ ഗ്രീൻ ഹൗസ് സ്ട്രക്ച്ചർന് ച. മീറ്ററിന് 600 രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 4000 ച. മീറ്ററിന് ധനസഹായം നല്കുന്നു.

b) പ്ലാസ്റ്റിക് പുതയിടീലിന് ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടർ സ്ഥലത്തിനും തണൽവല സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് ച..മീറ്ററിന് 355/- രൂപ എന്ന നിരക്കിൽ പരമാവധി 4000 ച.മീറ്ററിനു ധനസഹായം നല്കുന്നു.

c) പോളീഹൗസിൽ കൃഷിചെയ്യുന്ന മൂല്യം കൂടിയ പച്ചക്കറി വിളകളുടെ നടീൽ വസ്തുക്കളുടെ ചെലവിനും, കൃഷിയ്ക്കും, ഓർക്കിഡ്, ആന്തൂറിയം കാർണേഷൻ, ജർബറ, റോസ്, ലില്ലി എന്നിവയ്ക്കും ഒരു ഗുണഭോക്താവിന് പരമാവധി 4000 ചതുരശ്ര മീറ്ററിന് ധനസഹായം നൽകുന്നു.

d) ഹൈഡ്രോപോണിക്സ് എയറോപോണിക്സ് സംവിധാനത്തിന് പരമാവധി 1000 ചതുരശ്ര മീറ്ററിനും പദ്ധതിയിലൂടെ ധനസഹായം നല്കുന്നു. പോളി ഹൗസിൽ ഉപയോഗിക്കുന്ന സർക്കുലേഷൻ ഫാനുകൾക്കും (പരമാവധി 6 ഫാനുകൾക്ക് ) ധനസഹായം ലഭിക്കും. ഫെർട്ടിഗേഷനുള്ള സെൻസർ അധിഷ്ഠിത ഓട്ടോമേഷനൻ സിസ്റ്റം യൂണിറ്റ്ന് 2 ലക്ഷം രൂപ സബസിഡി നിരക്കിൽ സംരക്ഷിത കൃഷിയിൽ പരമാവധി 4000 ചതുരശ്ര മീറ്ററിന് ധനസഹായം നല്കുന്നു.

e) പച്ചക്കറി വിളകൾക്കുള്ള പിന്തുണാ സംവിധാനം നടപ്പിലാക്കുന്നതിന്, പക്ഷി പ്രതിരോധ വലകൾക്കുള്ള സ്ഥിരം പിന്തുണാ ഘടന, ഫെൻസിങ് അഥവാ വേലി നിർമ്മിച്ച് കൃഷിയിടം സംരക്ഷിക്കുക എന്നിവയ്ക്ക് ധനസഹായം നല്കുന്നു.

f) പേപ്പർ/നെയ്ത്ത കവർ/പേപ്പർ ബാഗുകൾ മുതലായവ കൊണ്ടുള്ള പഴം/കുലകവർ ഉപയോഗിച്ച് പഴങ്ങൾ സംരക്ഷിക്കുന്നതിന് ധനസഹായം നല്കുന്നു. മേൽ ആനുകൂല്യങ്ങൾ എല്ലാം തന്നെ അതാതു ജില്ലയിലെ ജില്ല ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇതിനായി അപേക്ഷകർ അതാത് കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.